Syro Malabar Commission for Liturgy

www.malankaralibrary.com



# വി.എസ്തപ്പാനോസ്

തിരുസഭയിലെ പ്രഥമ രക്തസാക്ഷിയായ വി.എസ്തപ്പാനോസിന്റെ തിരുനാൾ സീറോമലബാർ സഭയിൽ ആചരിക്കുന്നത് ദനഹാക്കാലത്തിലെ നാലാമത്തെ വെള്ളിയാഴ്ചയാണ്. ജറുസലെമിലെ ഗ്രീക്കുകാരായ ക്രിസ്ത്യാനികളുടെ ഇടയിൽ ശുശ്രൂഷ ചെയ്യാൻ നിയോഗിക്കപ്പെട്ട ഏഴു ഡീക്കൻമാരിൽ ഒരാളായിരുന്നു ഇദ്ദേഹം. ശ്ലീഹന്മാരുടെ നടപടി പുസ്തകത്തിലെ ആറും ഏഴും അദ്ധ്യായങ്ങളിലാണ് വി.എസ്തപ്പാനോസിനെപ്പറ്റി പറയുന്നത്. ആറാമത്തെ അദ്ധ്യായത്തിൽ വി.എസ്തപ്പാനോസിനെ ഡീക്കനായി തിരഞ്ഞെടുക്കുന്നതും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കെതിരേ നിലകൊണ്ടവർ അദ്ദേഹത്തെ ബന്ധിക്കുന്നതും വിചാരണ ചെയ്യുന്നതുമാണ് വിവരിച്ചിരിക്കുന്നത്. ഏഴാമത്തെ അദ്ധ്യായത്തിൽ വി.എസ്തപ്പാനോസിന്റെ സുദീർഘമായ പ്രസംഗവും അദ്ദേഹത്തിന്റെ ധീരരക്തസാക്ഷിത്വവും വിവരിക്കുന്നു.

വി.എസ്തപ്പാനോസ് കൃപാവരവും ശക്തിയും കൊണ്ട് നിറഞ്ഞ് പല അത്ഭുതങ്ങളും വലിയ അടയാളങ്ങളും ജനമദ്ധ്യത്തിൽ പ്രവർത്തിച്ചുവെന്നാണ് വി.ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വി.എസ്തപ്പാനോസിനോട് പലരും വാദപ്രതിവാദത്തിൽ ഏർപ്പെട്ടെങ്കിലും അദ്ദേഹത്തിന്റെ സംസാരത്തിൽ വെളിപ്പെട്ട ജ്ഞാനത്തോടും ആത്മാവിനോടും എതിർത്തു നിൽക്കാൻ അവർക്കു കഴിഞ്ഞില്ലെന്ന് വി.ഗ്രന്ഥം ചൂണ്ടിക്കാണിക്കുന്നു. അതിനാൽ അവർ ജനപ്രമാണികളെയും നിയമജ്ഞരെയും ഇളക്കുകയും വി.എസ്തപ്പാനോസിനെ ബന്ധിക്കുകയും ന്യായാധിപസംഘത്തിന്റെ മുമ്പിൽ ഹാജരാക്കുകയും കള്ളസാക്ഷികളെ അദ്ദേഹത്തിനെതിരേ സാക്ഷ്യം പറയാൻ നിയോഗിക്കുകയും ചെയ്തു.

അപ്പസ്തോലചരിത്രത്തിലെ തന്നെ ഏറ്റവും സുദീർഘമായ പ്രസംഗം നടത്തുന്ന എസ്തപ്പാനോസ് പിതാവായ അബ്രാഹം മുതൽ സോളമൻ വരെയുള്ള രക്ഷാകരചരിത്രത്തെക്കുറിച്ച് ഇവിടെ വിവരിക്കുന്നുണ്ട്. പ്രസംഗത്തിന്റെ അവസാനം അവിടെയുണ്ടായിരുന്നവർ അദ്ദേഹത്തിനുനേരേ പാഞ്ഞടുക്കുകയും നഗരത്തിനു പുറത്താക്കി കല്ലെറിയുകയും ചെയ്തു. സാക്ഷികൾ തങ്ങളുടെ വസ്ത്രങ്ങൾ സാവൂൾ എന്ന യുവാവിന്റെ കാൽക്കൽ അഴിച്ചു വെച്ചുകൊണ്ടാണ് വി.എസ്തപ്പാനോസിനെ കല്ലെറിഞ്ഞത്. വി.എസ്തപ്പാനോസ് ഇപ്രകാരം പ്രാർഥിച്ചു: ‘‘കർത്താവായ ഈശോയെ, എന്റെ ആത്മാവിനെ കൈക്കൊള്ളണമേ. കർത്താവേ ഈ പാപം അവരുടെ മേൽ ആരോപിക്കരുത്’’. അനന്തരം വി.എസ്തപ്പാനോസ് മരണനിദ്ര പ്രാപിച്ചു.

ആദ്യത്തെ രക്തസാക്ഷിയായ വി.എസ്തപ്പാനോസിനുശേഷം സാക്ഷികളുടെ ഒരു വലിയ നിര സഭാ ചരിത്രത്തിൽ നമുക്ക് കാണാൻ സാധിക്കും. അനേകരെ ക്രൈസ്തവ വിശ്വാസത്തിലേക്ക് അടുപ്പിക്കാനും ഉറപ്പിച്ചുനിർത്താനും വി.എസ്തപ്പാനോസിന്റെ രക്തസാക്ഷിത്വം കാരണമായിത്തീർന്നു. ആധുനികയുഗത്തിലും ആ പട്ടിക അവസാനിക്കുന്നില്ല. പശ്ചിമേഷ്യൻ രാജ്യങ്ങളിലും ആഫ്രിക്കൻ രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റ് സ്വേച്ഛാ

www.malankaralibrary.com

ധിപത്യ രാജ്യങ്ങളിലും ക്രൈസ്തവ പീഡനങ്ങളും രക്തസാക്ഷിത്വങ്ങളും ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു.

തന്റെ വാക്കുകൊണ്ടും ജീവിതം കൊണ്ടും മിശിഹായ്ക്ക് ശക്തമായ സാക്ഷ്യം വഹിച്ച വി.എസ്തപ്പാനോസ് നമുക്ക് എന്നും ഉദാത്ത മാതൃകയാണ്. ശത്രുക്കളുടെ കല്ലേറുകൊണ്ട് ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരുന്ന പ്പോഴും അദ്ദേഹം അക്ഷോഭ്യനായി പ്രാർഥനയിൽ നിലകൊണ്ടു. ന്യായാധിപ സംഘത്തിന്റെ മുമ്പിൽ വി.എസ്തപ്പാനോസിനെ ഹാജരാക്കിയപ്പോൾ അദ്ദേഹ ത്തിന്റെ മുഖം ഒരു ദൈവദൂതന്റെ മുഖം പോലെയാണ് കാണപ്പെട്ടത് (ശ്ലീഹ 6:15). തന്റെ കർത്താവും ദൈവവുമായ ഈശോമിശിഹായെപ്പോലെ തന്നെ ദ്രോഹിച്ചവർക്കുവേണ്ടി പ്രാർഥിച്ചുകൊണ്ടാണ് അദ്ദേഹം ഈ ലോകജീവിത ത്തിൽ നിന്ന് വിടവാങ്ങിയത്. വി.എസ്തപ്പാനോസിന്റെ ജീവിതത്തിൽ നിന്ന് ഇപ്രകാരം ഉദാത്തമായ ദർശനങ്ങൾ സ്വാംശീകരിക്കാനും ജീവിക്കാനും നമുക്ക് സാധിക്കട്ടെ.

തയ്യാറാക്കിയത്,
ഫാ.ജോസഫ് കളത്തിൽ
താമരശ്ശേരി രൂപത
27-01-2022

സീറോമലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്,കാക്കനാട്
Read more: wwwsyromalabarliturgy.org

